REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 25-05-2025 | സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് കാലവർഷം ശക്തം. അഞ്ച് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത- ഒമ്പത് ജില്ലകളിൽ ഓറഞ്ച് ജാഗ്രത.**
- **ശക്തമായ കാറ്റിലും മഴയിലും KSEBയ്ക്ക് 27 കോടിയോളം രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.**
- **ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ നിലപാടുകൾ വിശദീകരിക്കുന്ന സർവ കക്ഷി സംഘങ്ങളുടെ വിദേശ സന്ദർശനം തുടരുന്നു.**
- **പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആകാശവാണി മൻ കി ബാത് രാവിലെ 11ന്.**
- **കൊച്ചി തീരത്തിന് സമീപം അപകടത്തിൽപ്പെട്ട ലൈബീരിയൻ കപ്പലിലെ 21 ജീവനക്കാരെ രക്ഷപ്പെടുത്തി.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് കാലവർഷം ശക്തമായി തുടരുന്നു. അതിതീവ്ര മഴയെ തുടർന്ന് ഇന്ന് മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർക്കോട് ജില്ലകളിൽ ജില്ലകളിൽ ചുവപ്പ് ജാഗ്രതയും ഒമ്പത് ജില്ലകളിൽ ഓറഞ്ചു ജാഗ്രതയും നൽകിയതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ 65 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. ഇന്നലെ ശക്തമായ കാറ്റിലും മഴയിലും സംസ്ഥാനത്ത് പലയിടത്തും വ്യാപക നാശനഷ്ടം സംഭവിച്ചു.

ന്യൂസ് ഡെസ്കിൽ നിന്നും കൂടുതൽ വിവരങ്ങൾ..

(........വോയ്സ്.........)

കനത്ത മഴയിലും കാറ്റിലും കോഴിക്കോട് ജില്ലയിൽ നിരവധി വീടുകൾ ഭാഗികമായി തകർന്നു. കോഴിക്കോട് താലൂക്കിൽ പത്തും, വടകര, കൊയിലാണ്ടി താലൂക്കുകളിൽ ഓരോ വീടിനും കേടുപാടുകളുണ്ടായി.

ഫറോക്ക് ESI കോമ്പൗണ്ടിലെ വൻമരം കടപുഴകി വീണ് തൊട്ടടുത്ത ഓഫീസിനും വീടിനും നിർത്തിയിട്ടിരുന്ന കാറിനും നാശനഷ്ടമുണ്ടായി. നാദാപുരം, ചാത്തമംഗലം വില്ലേജുകളിലും വീടുകൾക്ക് മുകളിൽ മരം വീണു. ചാത്തമംഗലത്ത് ബസിന് മുകളിൽ വൈദ്യുത പോസ്റ്റ് വീണെങ്കിലും ദുരന്തം ഒഴിവായി.

താമരശ്ശേരി ചുരം റോഡിൽ ഒമ്പതാം വളവിന് താഴെ മരം വീണ് ഗതാഗതം തടസ്സപ്പെട്ടു.

കൊല്ലം ജില്ലയിലും കാറ്റിലും മഴയിലും കെടുതികളുണ്ടായി. പാലരുവിയിലും കരുനാഗപ്പള്ളിയിലും മരവും പോസ്റ്റും വീണു. പോളയത്തോട് ശക്തമായ കാറ്റിൽ കൂറ്റൻ പരസ്യ ബോർഡ്, പാർക്ക് ചെയ്തിരുന്ന കാറിന് മുകളിൽ വീണു. ഐക്കരകോണത്ത് വീടിനും, അഞ്ചലിൽ മതിലിനും കേടുപാടുണ്ടായി.

✪✪✪

റെഡ് അലർട്ട് പ്രഖ്യാപിച്ച കാസർകോട് ജില്ലയിൽ കനത്ത മഴ തുടരുകയാണ്. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മരംപൊട്ടി വീണ് ഗതാഗതം തടസ്സപ്പെട്ടു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ജഗന്നിവാസൻ...

(.....വോയ്സ്.....)

✪✪✪

ശക്തമായ മഴയെ തുടർന്ന് ഇടുക്കിയിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. ഖനനം നിരോധിച്ചു. വിനോദസഞ്ചാര മേഖലയിലും വിലക്ക് ഏർപ്പെടുത്തി.

ഇടുക്കി പ്രതിനിധി രതീഷ് കൃഷ്ണൻ

..........വോയ്സ്......

കാലവർഷം ശക്തി പ്രാപിച്ച സാചര്യത്തിൽ കർശന നിയന്ത്രങ്ങളാണ് ഇടുക്കിയിൽ ഏർപ്പെടുത്തിയിരിക്കുന്നത്. ജലാശയങ്ങളിലെ ബോട്ടിംഗ്, കയാക്കിംഗ്, റാഫ്റ്റിംഗ്, കുട്ടവഞ്ചി സവാരി എന്നിവ ഉൾപ്പെടെയുള്ള ജലവിനോദങ്ങളും മലയോര മേഖലകളിലെ ട്രക്കിംഗുമടക്കം എല്ലാവിധ സാഹസിക വിനോദ

പരിപാടികളും നിരോധിച്ചു. ജില്ലയിലെ ഖനന പ്രവർത്തനങ്ങൾക്കും താൽക്കാലികമായി നിരോധനം ഏർപ്പെടുത്തി. അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ ജില്ലയിൽ നാളെ റെഡ് അലർട്ടും ഇന്ന് ഓറഞ്ച് അലർട്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ഏതുതരത്തിലുള്ള ദുരന്തസാഹചര്യങ്ങളെയും നേരിടുന്നതിന് ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും പൂർത്തീകരിക്കുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണമെന്ന് ജില്ലയിലെ ബന്ധപ്പെട്ട എല്ലാ വകുപ്പ് മേധാവിമാർക്കും ജീവനക്കാർക്കും ജില്ലാ കളക്ടർ നിർദേശം നൽകി. ജില്ലയിലെ അഞ്ച് താലൂക്കുകളിലും തഹസീൽദാർമാരുടെ മേൽനോട്ടത്തിലുള്ള കൺട്രോൾ റൂമുകൾ തുറന്നതിനൊപ്പം എല്ലാ വകുപ്പുകളിലുമുള്ള മുഴുവൻ ജീവനക്കാരുടെയും അവധിക്ക് നിയന്ത്രണവും ഏർപ്പെടുത്തി. മലയോര മേഖലയിലൂടെയുള്ള അനാവശ്യയാത്രകൾ സുരക്ഷിതമല്ലെന്ന് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ജലനിരപ്പ്

ക്രമാതീതമായതിനെ തുടർന്ന് കല്ലാർകുട്ടി അണക്കെട്ട് തുറന്ന് വെള്ളം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങി. പ്രധാന ഡാമുകളായ ഇടുക്കിയിൽ 2329.55 അടിയും മുല്ലപ്പെരിയാറിൽ 114.6 അടിയുമാണ് ജലനിരപ്പ്. ഇന്നലെ രാത്രി വരെയുള്ള കണക്കുകകൾ പ്രകാരം ജില്ലയിൽ ശരാശരി 81.92 മില്ലീമീറ്റർ മഴയാണ് ലഭിച്ചത്. 99 മില്ലീ മീറ്റർ രേഖപ്പെടുത്തിയ പീരുമേട്ടിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത്. മറ്റിടങ്ങളിൽ തൊടുപുഴ- 89.8, ഇടുക്കി- 91, ദേവികുളം- 84.6, ഉടുമ്പൻചോല- 45.2 മില്ലീ മീറ്റർ എന്നിങ്ങനെയാണ് ലഭിച്ച മഴ.

✪✪✪

കഴിഞ്ഞവർഷം ഉരുൾപ്പൊട്ടലുണ്ടായ കോഴിക്കോട് വിലങ്ങാട് പ്രദേശത്ത് അടിയന്തര സാഹചര്യങ്ങൾ ഉണ്ടായാൽ നേരിടുന്നതിന് കോഴിക്കോട് ജില്ലാ ഭരണകൂടം മുന്നൊരുക്കങ്ങൾ പൂർത്തിയാക്കി. രണ്ടിടത്ത് ദുരിതാശ്വാസ ക്യാമ്പുകൾ തയ്യാറാക്കാൻ നടപടിയെടുത്തു. അപകട സൂചന ലഭിച്ചാൽ ആളുകളെ ഉടൻ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റണമെന്നും രക്ഷാപ്രവർത്തനത്തിന് സജ്ജരാകണമെന്നും ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് നിർദേശം നൽകി.

✪✪✪

സംസ്ഥാനത്തെ ശക്തമായ കാറ്റിലും മഴയിലും KSEBയുടെ വൈദ്യുതി വിതരണ ശൃംഖലയ്ക്ക് 27 കോടിയോളം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. 257 ഹൈടെൻഷൻ പോസ്റ്റുകളും 2,505 ലോ ടെൻഷൻ പോസ്റ്റുകളും തകർന്നു.

ഏഴ് ലക്ഷത്തി 12,000 ത്തിലേറെ ഉപഭോക്താക്കൾക്ക് വൈദ്യുതി തകരാർ സംഭവിച്ചു. ഇതിൽ അഞ്ചര ലക്ഷത്തോളം ഉപഭോക്താക്കൾക്ക് വൈദ്യുതി ബന്ധം പുനഃസ്ഥാപിച്ചു നൽകി.

ശേഷിക്കുന്ന തകരാറുകൾ പരിഹരിക്കാൻ ഊർജ്ജിത ശ്രമം നടത്തിവരികയാണെന്നും ഉപഭോക്താക്കൾ സഹകരിക്കണമെന്നും KSEB അഭ്യർത്ഥിച്ചു.

✪✪✪

കണ്ണൂർ ജില്ലയിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ച സാഹചര്യത്തിൽ നാളെ നടത്താൻ നിശ്ചയിച്ച മുഖ്യമന്ത്രിയുടെ മേഖലാതല അവലോകന യോഗം മാറ്റിവെച്ചതായി ജില്ലാ കലക്ടർ അറിയിച്ചു. പുതുക്കിയ തീയ്യതി പിന്നീട് അറിയിക്കും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ ഇന്ത്യൻ നിലപാടുകൾ വിശദീകരിക്കുന്ന സർവ കക്ഷി സംഘങ്ങളുടെ വിദേശ സന്ദർശനം തുടരുന്നു. ഡോ. ശശി തരൂർ നേതൃത്വം നൽകുന്ന സംഘം ഇന്നലെ അമേരിക്കയിലെത്തി. സുപ്രീയ സുലേ നയിക്കുന്ന സംഘം ദോഹയിലും എത്തിയിട്ടുണ്ട്.

ഡെസ്ക് റിപ്പോർട്ട്...

........വോയ്സ്......

ഡോ. തരൂരിന്റെ നേതൃത്വത്തിൽ US-ൽ എത്തിയ സംഘം അമേരിക്കൻ നയതന്ത്രജ്ഞരുമായും ഭരണ നേതൃത്വവുമായും കൂടിക്കാഴ്ച നടത്തും. തുടർന്ന് ഗയാന, പനാമ, ബ്രസീൽ, കൊളംബിയ തുടങ്ങിയ രാജ്യങ്ങളും അവർ സന്ദർശിക്കും. സുപ്രീയ സുലുവിന്റെ സംഘത്തെ ദോഹ വിമാനത്താവളത്തിൽ ഇന്ത്യൻ സ്ഥാനപതിയുടെ നേതൃത്വത്തിൽ സ്വീകരിച്ചു.

DMK നേതാവ് കനിമൊഴിയുടെ നേതൃത്വത്തിൽ റഷ്യയിലെത്തിയ സംഘം സന്ദർശനത്തിന്റെ ആദ്യ പാദം പൂർത്തിയാക്കി. ഇന്ന് സ്ലോവേനിയൽ തലസ്ഥാനത്തേക്ക് പോകുന്ന സംഘം തുടർന്ന് ഗ്രീസ്, ലാത്വിയ, സ്പെയിൻ എന്നിവിടങ്ങളിലെത്തി ഓപ്പറേഷൻ സിന്ദൂറിനെക്കുറിച്ചും ഭീകരവാദത്തിനെതിരായ ഇന്ത്യയുടെ ശക്തമായ നിലപാടുകളെക്കുറിച്ചും വിശദീകരിക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണി മൻ കി ബാത് പരിപാടിയിലൂടെ രാവിലെ 11ന് ജനങ്ങളുമായി  ചിന്തകൾ പങ്കു വെക്കും. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയുടെ 122-ാം പതിപ്പാണിത്. ആകാശവാണി - ദൂരദർശൻ ശൃംഖലയിലും പ്രധാനമന്ത്രിയുടെ ഓഫീസിന്റേയും വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റേയും യൂ-ട്യൂബ് ചാനലുകളിലും പരിപാടി തത്സമയം ലഭ്യമാണ്. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തെ തുടർന്ന് കേരള നിലയങ്ങൾ മലയാള പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

കൊച്ചി തീരത്തിന് സമീപം ഇന്നലെ ഉച്ചയോടെ അപകടത്തിൽപ്പെട്ട ലൈബീരിയൻ കപ്പൽ MSC-എൽസ 3- യിലെ 21 ജീവനക്കാരെ രക്ഷപ്പെടുത്തി കരയിലെത്തിച്ചു. ക്യാപ്റ്റനും ചീഫ് എഞ്ചിനിയറും സെക്കന്റ് എഞ്ചിനിയറും രക്ഷാനടപടിയുടെ ഭാഗമായി കപ്പലിൽ തന്നെ തുടരുകയാണ്.

കൊച്ചിയിൽ നിന്ന് തെക്കു-പടിഞ്ഞാറ് ദിശയിൽ 33 നോട്ടിക്കൽ ദൂരെയാണ് എൽസ -3 കപ്പൽ അപായകരമായ തരത്തിൽ ചെരിഞ്ഞ് ഏതാനും കണ്ടെയ്നറുകൾ കടലിൽ വീണത്. കപ്പലിൽ നിന്ന് കടലിൽ വീണ സാധനങ്ങൾ തൊടുകയോ, കരയിലെത്തിക്കാൻ ശ്രമിക്കുകയോ ചെയ്യരുതെന്ന് സംസ്ഥാന ദുരന്ത നിയന്ത്രണ അതോറിറ്റി മുന്നറിയിപ്പ് നൽകി.

കടലിൽ കണ്ടെയ്നറുകളോ എണ്ണപ്പാടയോ കണ്ടെത്തിയാൽ സമീപത്തെ കോസ്റ്റൽ പൊലീസ് സ്റ്റേഷനിലോ അടിയന്തര സഹായ നമ്പറായ 112 ലോ അറിയിക്കണമെന്ന് ദുരന്ത നിയന്ത്രണ അതോറിറ്റി മെമ്പർ സെക്രട്ടറി ശേഖർ ലൂക്കോസ് കുര്യാക്കോസ് ആവശ്യപ്പെട്ടു.

✪✪✪

കോഴിക്കോട് രൂപതയെ അതിരൂപതയായും മാർ വർഗീസ് ചക്കാലക്കലിനെ ആർച്ച് ബിഷപ്പായും ഉയർത്തുന്ന ചടങ്ങുകൾ ഇന്ന് നടത്തും. വൈകീട്ട് കോഴിക്കോട് സെന്റ് ജോസഫ്സ് പള്ളിയിലെ  സ്ഥാനാരോഹണ ചടങ്ങുകൾക്ക് അപ്പസ്തോലിക് നൂൺഷ്യോ റവ. ഡോ. ലിയോപോൾഡോ ജിറല്ലി നേതൃത്വം നൽകും. KCBC പ്രസിഡന്റ് കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമീസ്  വചന പ്രഘോഷണം നടത്തും.

✪✪✪

ഫലപ്രദമായ നിയമനടപടികളും ശക്തമായ ബോധവത്കരണവുമാണ് ലഹരി വ്യാപനത്തിനു പ്രതിവിധിയെന്നും അതിന് കൂട്ടായ മുന്നേറ്റം അനിവാര്യമാണെന്നും മന്ത്രി PA മുഹമ്മദ് റിയാസ് പറഞ്ഞു. മില്യൺ പ്ലഡ്ജ്' ലഹരിവിരുദ്ധ ജനകീയ പ്രതിരോധം പരിപാടിയുടെ ജനകീയ കൺവെൻഷനും

സംഘാടക സമിതി രൂപീകരണവും ഓൺലൈനിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. പരിപാടിയിൽ ലഹരിവിരുദ്ധ ദിനമായ ജൂൺ 26ന് 20 ലക്ഷം പേർ ലഹരിക്കെതിരെ പ്രതിജ്ഞയെടുക്കും.

✪✪✪

മത്സ്യത്തൊഴിലാളികൾ പരമ്പരാഗത ജോലി മാത്രം ചെയ്താൽ മതിയെന്നു പറഞ്ഞ് മാറ്റി നിർത്താതെ മറ്റേത് വിഭാഗത്തെ പോലെയും എല്ലാ രംഗത്തും തുല്യ പ്രാധാന്യം നൽകണമെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. ഫിഷറീസ് വകുപ്പിന്റെ 'പ്രതിഭാതീരം' പദ്ധതി കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മത്സ്യത്തൊഴിലാളികളുടെ വിദ്യാർഥികളായ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' പദ്ധതി നടപ്പിലാക്കുന്നത്.

✪✪✪

ആയുർവേദത്തെ പ്രചരിപ്പിക്കുന്ന മാധ്യമങ്ങൾക്ക് ഇന്ത്യൻ ആയുർവേദ മെഡിക്കൽ അസോസിയേഷൻ ഏർപ്പെടുത്തിയ മാധ്യമ അവാർഡിന് കൊച്ചി ആകാശവാണിയിലെ പ്രോഗ്രാം എക്സിക്യൂട്ടീവ് TP രാജേഷ് അർഹനായി. പുരസ്കാരം രാവിലെ തൃശൂർ റീജിയണൽ തിയേറ്ററിൽ സമ്മാനിക്കും.

✪✪✪

ജയ്പൂരിൽ IPL ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസ്, പഞ്ചാബ് കിംഗ്സിനെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് വൈകീട്ട് മൂന്നരയ്ക്ക് അഹമ്മദാബാദിൽ, ഗുജറാത്ത് ടൈറ്റൻസ്, ചെന്നൈ സൂപ്പർ കിങ്സിനെ നേരിടും. മറ്റൊരു മത്സരത്തിൽ സൺറൈസേഴ്സ് ഹൈദരാബാദ്, കൊൽക്കത്ത നൈറ്റ് റൈഡേഴ്സുമായി ഏറ്റുമുട്ടും. വൈകീട്ട് ഏഴരയ്ക്ക് ഡൽഹിയിലാണ് മത്സരം.

✪✪✪

കോഴിക്കോട് താമരശ്ശേരിയിൽ വിദ്യാർഥി സംഘർഷത്തെ തുടർന്ന് ഷഹബാസ് മരിക്കാനിടയായ കേസിൽ പോലീസ് കുറ്റപത്രം സമർപ്പിച്ചു. കുറ്റാരോപിതരായ ആറ് വിദ്യാർഥികൾക്കെതിരെയാണ് താമരശ്ശേരി പോലീസ് ജുവനൈൽ ജസ്റ്റിസ് ബോർഡിൽ കുറ്റപത്രം സമർപ്പിച്ചത്.

✪✪✪

ജിദ്ദ KMCC യുടെ ആദ്യ പ്രസിഡന്റും ബാഫക്കി തങ്ങൾ ട്രസ്റ്റ് ചെയർമാനുമായിരുന്ന സയ്യിദ് അബൂബക്കർ ബാഫക്കി നിര്യാതനായി. 75 വയസ്സായിരുന്നു. ഖബറടക്കം രാവിലെ നടത്തും. മുസ്ലീം ലീഗ് നേതാക്കൾ നിര്യാണത്തിൽ അനുശോചനം അറിയിച്ചു.

✪✪✪

ദേശീയപാത നിർമ്മാണത്തിനിടെ കണ്ണൂർ ചാലക്കുന്നിൽ മണ്ണിടിഞ്ഞ് തൊഴിലാളി മരിച്ചു. ജാർഖണ്ഡ് സ്വദേശി ബ്യാസ് ഒറോൺ ആണ് മരിച്ചത്.

✪✪✪

കോഴിക്കോട് ജില്ലയിൽ ദേശീയ പാത -66 നിർമ്മാണത്തിലെ അപാകതകൾ പുറത്തുകൊണ്ടുവരാൻ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണമെന്ന് DCC പ്രസിഡന്റ് K പ്രവീൺകുമാർ ആവശ്യപ്പെട്ടു. ഈ ആവശ്യം ഉന്നയിച്ച് ഈ മാസം 28ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫീസിന് മുന്നിൽ കുത്തിയിരിപ്പ് സമരം നടത്തുമെന്ന് അദ്ദേഹം അറിയിച്ചു.

✪✪✪

അഖില കേരള വിശ്വകർമ്മ മഹാ സഭ ഉത്തര മേഖല സമ്മേളനം ഉച്ച കഴിഞ്ഞ് മലപ്പുറത്ത് നടത്തും. മുനിസിപ്പൽ ബസ് സ്റ്റാൻഡ് ഓഡിറ്റോറിയത്തിലാണ് പൊതു സമ്മേളനം.

✪✪✪

UPSC സിവിൽ സർവീസ് പ്രിലിംസ് പരീക്ഷ പ്രമാണിച്ച് ഇന്ന് കൊച്ചി മെട്രോ സർവീസ് നേരത്തെ ആക്കി. രാവിലെ ഏഴരയ്ക്ക് പകരം ഏഴ് മുതൽ ആലുവയിൽ നിന്നും തൃപ്പൂണിത്തറയിൽ നിന്നും സർവീസ് ആരംഭിക്കും.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: അനുഷ ആത്മപ്രകാശ്, നിഷിതകുമാരി*
*DEO : സി കെ സുബോധ്*

आकाशवाणी